LIBRARY ARCHIVES Kerala Legislative Assembly

നടന്നുവരുന്നുള്ളൂ. ഓറിയന്റൽ സ്കൂൾ മുതൽ അമ്പലപ്പടി വരെയുള്ള ഡ്രെയിനേജ് നിർമ്മാണം നടക്കണമെങ്കിൽ 12 മീറ്റർ വീതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിന് സ്വകാര്യ വ്യക്തികളുടെ സ്ഥലമേറ്റെടുക്കേണ്ടതുണ്ട്. ഇതിനായുള്ള നടപടി സ്വീകരിച്ചു വരുന്നു. നിലവിൽ അംഗീകാരം ലഭിച്ച പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 280.30 കോടി രൂപയുടെ പ്രവൃത്തികളിൽ എം.കെ.എച്ച്. ഹോസ്പിറ്റൽ മുതൽ തിരൂരങ്ങാടി ഹൈസ്കൂൾ വരെയുള്ള ഭാഗത്തുള്ള (100.മി. നീളത്തിൽ) ഡ്രെയിനേജ് നിർമ്മാണത്തിനുള്ള തുക മാത്രമേ അംഗീകാരം ലഭിച്ച നിലവിലെ പുതുക്കിയ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ഇതുസംബന്ധിച്ച് ചേർന്ന മീറ്റിംഗിൽ തിരൂരങ്ങാടി ഭാഗത്തെ ഡ്രെയിനേജ് നിർമ്മാണം ത്വരിതപ്പെടുത്തണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് എം.കെ.എച്ച്. ഹോസ്പിറ്റൽ മുതൽ ഓറിയന്റൽ ഹൈസ്കൂൾ വരെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളത്. ഈ ഭാഗത്ത് വീതിയുള്ള സ്ഥലങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു.

നാടുകാണി-പരപ്പനങ്ങാടി പാതയിലെ പ്രവൃത്തി

67(677) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരാളുങ്കൽ സഹകരണ സംഘം പ്രവൃത്തി ഏറ്റെടുത്ത നാടുകാണി-പരപ്പനങ്ങാടി പാതയിൽ മഞ്ചേരി നിയോജകമണ്ഡലത്തിലെ തുക്കലങ്ങോട് പഞ്ചായത്തിലെ ചീനിക്കൽ മുതൽ മഞ്ചേരി ജസീല ജംഗ്ഷൻ വരെ പ്രവൃത്തി നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ; ഗതാഗതം ദുസ്സഹമായ ഈ പാത വീതി കൂട്ടി ഗതാഗതയോഗ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്;

&

(ബി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പാത എന്ന് നവീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി)നാടുകാണി - പരപ്പനങ്ങാടി പാതയിൽ മഞ്ചേരി നിയോജക മണ്ഡലത്തിലെ ജസീല ജംഗ്ഷൻ മുതൽ ചീനിക്കൽ വരെ ഡി.എഫ്.ഐ.പി. പദ്ധതിയിൽ വിഭാവനം ചെയ്ത തുകയിൽ പൂർണ്ണമായും പ്രവൃത്തി നിർവ്വഹിക്കാൻ സാധിച്ചിട്ടില്ല. സി.ടി.ഇ.-യുടെ നിർദ്ദേശപ്രകാരം ഡി.എൽ.പി.-യിൽ ഉൾപ്പെട്ട റോഡ് ഉപരിതലവുമായ എല്ലാ പ്രവൃത്തികളും ഒഴിവാക്കിയതിനാലും റിവൈസ്ഡ് എസ്റ്റിമേറ്റ് തുക 280.30 കോടിരൂപയിലേയ്ക്ക് ചുരുക്കേണ്ടി വന്നതിനാലുമാണ് റോഡ് പ്രവൃത്തി പൂർണ്ണമായും നിർവ്വഹിക്കാൻ സാധിക്കാത്തത്.